## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1558** **04.10.2016 ൽ മറുപടിക്ക്.**

## കാരുണ്യ പദ്ധതി

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ. റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടിവന്ന എത്ര പേർ തുടർന്ന് കാരുണ്യ പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്; ഇവരിൽ എത്ര പേർക്ക് സഹായധനം അനുവദിച്ചിട്ടുണ്ട്; | (എ) | റീഇംപേഴ്സ് മെന്റിനായി 86 അപേക്ഷകളും പ്രത്യേകാനുമതി നൽകേണ്ട 163 അപേക്ഷകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭ്യമായിട്ടുണ്ട്. ടിയാളുകൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമുണ്ട്. പ്രത്യേകാനുമതി നൽകേണ്ടത് സംസ്ഥാനതല കമ്മിറ്റിയാണ്.<br>അടിയന്തിര ശസ്ത്രക്രിയ കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അപേക്ഷ നൽകിയാൽ റീഇംബേഴ്സ്മെന്റായും, 72 മണിക്കൂറിനുശേഷം നൽകുന്ന അപേക്ഷകൾ പ്രത്യേക അനുമതിയായും പരിഗണിക്കാറുണ്ട്. |
| (ബി) | കാരുണ്യ പദ്ധതി പ്രകാരം നൽകിയ അപേക്ഷകളിൽ പോരായ്മകൾ പരിഹരിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാതെ കിടക്കുന്നു എന്നും ഇവയ്ക്ക് എന്നത്തേക്ക് ധനസഹായം നൽകുമെന്നും അറിയിക്കാമോ; പോരായ്മകൾ ഉള്ള അപേക്ഷകളിൽ ഇനിയും പരിഹരിക്കാത്ത അപേക്ഷകൾ എത്ര; ഇവയുടെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) | കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 01.08.2016 മുതലുള്ള 3855 അപേക്ഷകൾ സഹായം അനുവദിക്കാൻ പോരായ്മകൾ പരിഹരിച്ചു ജില്ലാ ഭാഗ്യക്കുറി ആഫീസുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. കാരുണ്യ ബനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മറ്റി ചേർന്ന് ഉടൻ അതിനു ധനസഹായം അനുവദിക്കുന്നതാണ്. ഈ കാലയളവിൽ പോരായ്മകൾ കാരണം 60 രോഗികളുടെ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. നിലവിലെ സോഫ്റ്റ് വെയർ പ്രകാരം നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ വന്നതിനു ശേഷം നൽകുന്ന പുതിയ അപേക്ഷകൾ നിയോജകമണ്ഡലം തിരിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇവയുടെ പുരോഗതി, ശുപാർശ നൽകുന്ന എം.എൽ.എ.മാരെക്കൂടി അറിയിക്കാമോ? | സി) | നിലവിൽ ജില്ല തിരിച്ചാണ് നടപടി സ്വീകരിച്ചുവരുന്നത്. നിയോജക മണ്ഡലം തിരിച്ച് നടപടി സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എം. എൽ.എ.മാർ മുഖാന്തിരം ലഭ്യമാകുന്ന അപേക്ഷകളുടെ പുരോഗതി വിവരം നിലവിൽ എം.എൽ.എ.മാരെ അറിയിക്കാറുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ